ഉത്തരം

നബാർഡിന്റെ സഹായത്തോടുകൂടി ഗ്രാമീണാരോഗ്യ കേന്ദ്രങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾ

93 (860) ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടെ ആരോഗ്യ വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാം ;

(ബി) ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയെന്നും ഓരോ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ;

(സി) ഓരോ പദ്ധതിക്കും ഗ്രാന്റായി ലഭിക്കുന്ന തുക എത്ര ; കടമായി ലഭിക്കുന്ന തുക എത്രയെന്നും വെളിപ്പെടുത്താമോ ;

(ഡി) ഗ്രാന്റ് അല്ലെങ്കിൽ കടമായി പണം ലഭിക്കുന്നതിന് ഉപാധികൾ ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഏതൊക്കെ സംഘടനകൾ, സൊസൈറ്റികൾ, വ്യക്തികളാണ് ഓരോ പദ്ധതിയും നടപ്പിലാക്കുന്നത് ;

(എഫ്) ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ അവസ്ഥ എന്താണ് ;

(ജി) ഏതൊക്കെ ജില്ലകളുടെ ഏതൊക്കെ പ്രദേശത്താണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത് ;

(എച്ച്) ടി പദ്ധതിയുടെ ഭാഗമായി ഏതെങ്കിലും സർവ്വീസിന് പണം ഈടാക്കുന്നുണ്ടെങ്കിൽ അവ എന്തിനൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യമേഖലയുടെ സമഗ്ര വികസനത്തിനായി ഹെൽത്ത് സിസ്റ്റം പ്രോജക്ട് എന്ന ഒരു പദ്ധതിയും സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളുടെ വികസനത്തിനായുള്ള മറ്റൊരു പദ്ധതിയും ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഹെൽത്ത് സിസ്റ്റം പ്രോജക്ടിനുവേണ്ടി 810.4 കോടി രൂപയുടെയും മെഡിക്കൽ കോളേജുകളുടെയും മെഡിക്കൽ കോളേജ് ആശുപത്രികളുടെയും വികസനത്തിനായി 128 കോടി രൂപയുടെയും പദ്ധതിയാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. ഹെൽത്ത് സിസ്റ്റം പ്രോജക്ടിൽ ആരോഗ്യമേഖലയുടെ സമഗ്രവികസനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുതൽ മുകളിലോട്ടുള്ള ആശുപത്രികളുടെ നവീകരണം, ആരോഗ്യരംഗത്ത് നൽകി

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ, ആരോഗ്യ സേവനങ്ങൾ സമൂഹത്തിന് ലഭ്യമാക്കുന്നതിൽ നിലനിൽക്കുന്ന പോരായ്മകൾ പരമാവധി കുറയ്ക്കുക എന്നീ പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നു. മെഡിക്കൽ കോളേജുകളിൽ രോഗനിർണ്ണയ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും ആശുപത്രികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

(സി-എഫ്) പദ്ധതികൾക്ക് ലോകബാങ്ക് അംഗീകാരം ലഭിച്ചതിനുശേഷമേ ഈ കാര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാകൂ.

(ജി&എച്ച്) പദ്ധതികൾക്ക് ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ഇതുസംബന്ധിച്ച് തീരുമാനമെടുക്കുകയുള്ളൂ.

ലോകബാങ്ക് സഹായത്തോടെയുള്ള ആശുപത്രി വികസന പദ്ധതികൾ

94 (861) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെയുള്ള പദ്ധതികളിൽ എത്ര ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ ആരോഗ്യമേഖലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഹെൽത്ത് സിസ്റ്റം പ്രോജക്ട് എന്ന പദ്ധതി അംഗീകാരത്തിനായി ലോകബാങ്കിന് സമർപ്പിച്ചിരിക്കുകയാണ്. സംസ്ഥാനത്തുടനീളമുള്ള 230 ആരോഗ്യസ്ഥാപനങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പദ്ധതിക്ക് അംഗീകാരം ലഭിച്ചാൽ മാത്രമേ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് പറയുവാൻ കഴിയുകയുള്ളൂ.

നബാർഡിന്റെ സഹായത്തോടെ കോഴിക്കോട് ജില്ലയിലെ പി.എച്ച്.സി.-കൾ വികസിപ്പിക്കുന്നതിന് നടപടി

95 (862) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ സഹായത്തോടെ പി.എച്ച്.സികൾ വികസിപ്പിക്കുന്നതിന് കോഴിക്കോട് ജില്ലയിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം അപേക്ഷകൾ അംഗീകരിച്ചുവെന്നും ഓരോന്നിനും ലഭിക്കുന്ന ധനസഹായം എത്രയാണെന്നും അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly